**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2278** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് പദ്ധതിയിൽ വീടുകൾക്ക് അപേക്ഷിച്ച തദ്ദേശീയ ജനത (എസ്.ടി.) വിഭാഗം കുടുംബങ്ങളിലെ അംഗങ്ങൾക്ക് സർക്കാർ ജോലി ഉള്ളതിന്റെ പേരിൽ, അത്തരം അപേക്ഷകൾ നിരസിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 27.07.2020-ലെ സ.ഉ (കൈ) 112/ 2020/ ത.സ്വ.ഭ.വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ലൈഫ് പദ്ധതിയിൽ അപേക്ഷ സ്വീകരിച്ചിട്ടുള്ളതും ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുള്ളതും. സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബത്തിന് ടി ഉത്തരവിലെ മാനദണ്ഡപ്രകാരം ലൈഫ് പദ്ധതി പ്രകാരം വീടിന് അർഹതയില്ല. അത്തരത്തിലുള്ള അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ തദ്ദേശീയ ജനത അനുഭവിക്കുന്ന വിഷയങ്ങൾ പരിഗണിച്ച്, ലൈഫ് പദ്ധതിയിൽ നിന്ന് ഇത്തരം കുടുംബങ്ങളെ ഒഴിവാക്കാതിരിക്കാൻ വകുപ്പ് ഇടപെടലുകൾ നടത്തുമോ? | (ബി) | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക പരിഗണന നൽകിയാണ് നടപ്പിലാക്കിവരുന്നത്. ചില മാനദണ്ഡങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവുകൾ അനുവദിച്ചിട്ടുണ്ട്.എന്നാൽ സർക്കാർ ജോലി ഉള്ളവരുടെ കുടുംബത്തെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഇളവ് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ